Circular No.129
Vocation Sunday, 2013

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 01 - 03 - 2013

പ്രിയ ദൈവജനമേ,

ഈ വർഷം ഏപ്രിൽ 7-ാം തീയതി നമ്മുടെ അതിരൂപതയിൽ ദൈവവിളി ദിനമായി ആചരിക്കുകയാണ്. ദൈവവിളികളെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും വളർത്തിയെടുക്കുവാനുമുള്ള ദൈവജനത്തിന്റെ മുഴുവൻ ഉത്തരവാദിത്വത്തെപ്പറ്റി ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.

വിശ്വാസവർഷമായി സാർവ്വത്രികസഭ ആചരിക്കുന്ന ഈ വർഷത്തിലെ ദൈവവിളി ദിനാചരണം നമ്മുടെ സവിശേഷമായ ശ്രദ്ധ ആകർഷിക്കുന്നുണ്ട്. 'വിശ്വാസത്തിന്റെ വാതിൽ' എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ വിശ്വാസികളെല്ലാം ദൈവവുമായുള്ള സംസർഗ്ഗത്തിലേയ്ക്ക് വളരണം എന്ന് ബെനഡിക്ട് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. എല്ലാവരും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് ജനതകളുടെ പ്രകാശം എന്ന പ്രമാണരേഖയിൽ വത്തിക്കാൻ കൗൺസിൽ പറയുന്നു. എന്നാൽ മെത്രാന്മാർ, വൈദികർ, സന്യാസിമാർ എന്നീ ഡിക്രികളിലും രണ്ടാം വത്തിക്കാൻ കൗൺസിൽ ദൈവത്തിനുള്ള പ്രത്യേക ജീവിതാവസ്ഥകളേയും സഭാശുശ്രൂഷകളെയും കുറിച്ച് വ്യക്തമാക്കുന്നുണ്ട്.

തിരുസഭ ക്രിസ്തുവിൽ ഒരു ശരീരമാണ്. ശരീരത്തിലെ വ്യത്യസ്ത അവയവങ്ങൾക്ക് നിശ്ചിത ജോലിയുണ്ട്. ഓരോ അവയവവും തന്റെ ജോലി ശരിയായി നിർവ്വഹിക്കുമ്പോൾ ശരീരം പുഷ്ടിപ്പെടുന്നു. ഇതുപോലെ ഓരോ അംഗങ്ങൾക്കും ഓരോ ദൗത്യമാണുള്ളത്. ആ ദൗത്യം ഭംഗിയായി നിർവ്വഹിക്കപ്പെടുമ്പോൾ സഭയാകുന്ന ശരീരം കെട്ടിപ്പടുക്കപ്പെടുന്നു. ഓരോ വ്യക്തിയുടെയും ദൗത്യം നൽകുന്നത് ദൈവമാണ്. ദൈവം ആഗ്രഹിക്കുന്ന ജീവിതാന്തസ്സ് നമ്മൾ സന്തോഷത്തോടെ തിരഞ്ഞെടുക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ ഈ ദൗത്യം ദൈവേഷ്ടപ്രകാരം നിർവ്വഹിക്കപ്പെടുന്നു. ചിലരെ കുടുംബജീവിതത്തിലേയ്ക്കും മറ്റു ചിലരെ വൈദികരാകാനും, വേറേ ചിലരെ സന്യാസജീവിതം നയിക്കാനും അവിടുന്ന് പ്രത്യേകമായി ക്ഷണിക്കുന്നു. ഈ ജീവിതാന്തസ്സുകളെല്ലാം ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ പൂർണ്ണതയ്ക്ക് ആവശ്യവുമാണ്.

കുടുംബജീവിതത്തിൽ, കുടുംബമാകുന്ന ദൈവാലയത്തിൽ ക്രിസ്തുവിന്റെ സ്ഥാനത്ത് കുടുംബനാഥൻ നിൽക്കണം. അദ്ദേഹത്തോടൊത്ത് കുടുംബാംഗങ്ങൾ കുടുംബജീവിതമാകുന്ന ബലി പിതാവായ ദൈവത്തിനർപ്പിക്കണം. സഭാഗാത്രത്തിന് കർത്താവിന്റെ നാമത്തിൽ നേതൃത്വം കൊടുക്കുന്നതിനും ക്രിസ്തുവിനെ വചനത്തിന്റെയും കൂദാശയുടെയും ശുശ്രൂഷവഴിയായി ദൈവജനത്തിന് നൽകുന്നതിനുമായി അപ്പസ്തോലകാലം മുതൽ മെത്രാന്മാരും വൈദികരും നിയുക്തരായിരിക്കുന്നു. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങൾ പാലിച്ചുകൊണ്ട് മിശിഹായെ അടുത്തറിഞ്ഞ് സ്നേഹിക്കാൻ ശ്രമിക്കുന്നവരാണ് സന്യാസാന്തസ്സിലുള്ളവർ.

"കൊയ്ത്തു വളരെ, വേലക്കാരോ ചുരുക്കം" (മത്താ 9:37) എന്ന ഈശോയുടെ വാക്കുകൾ നാം നമ്മുടെ പരിചിന്തനത്തിനു വിധേയമാക്കണം. വിളവിന്റെ നാഥനായ ദൈവം അനേകരെ കൊയ്ത്തിനു ക്ഷണിക്കുന്നുണ്ട്. ദൈവത്തിനായി സമർപ്പിക്കപ്പെട്ട ജീവിതം മഹത്തായ ദൈവികദാനമായി സഭാസമൂഹം പരിഗണിക്കുമ്പോൾ കുട്ടികൾ ആ ജീവിതാന്തസ്സിലേയ്ക്ക് ആകർഷിക്കപ്പെടും. സമർപ്പണജീവിതത്തിൽ ചില വ്യക്തികൾക്കുണ്ടാകുന്ന ഒറ്റപ്പെട്ട പാളിച്ചകളേയും പരാജയങ്ങളേയും ഈ ജീവിതാന്തസ്സിനെ താറടിച്ചു കാണിക്കുന്ന സ്നേഹശൂന്യമായ വിമർശനത്തിലേക്കാണ് നമ്മെ നയിക്കുന്നതെങ്കിൽ ദൈവത്തിന്റെ ക്ഷണം സ്വീകരിക്കേണ്ട അനേകം കുഞ്ഞുങ്ങളെ പിന്തിരിപ്പിക്കുകയായിരിക്കും നമ്മൾ ചെയ്യുക.

പരി. പിതാവ് ബനഡിക്ട് 16–ാമൻ മാർപാപ്പ 2013ലെ ലോകദൈവവിളി ദിനത്തോടനുബന്ധിച്ച് നൽകിയ സന്ദേശത്തിൽ വൈദികരും സന്യസ്തരും ലോകത്തിൽ പ്രതീക്ഷയുടെ അടയാളങ്ങളാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. സമർപ്പിതരുടെ ജീവിത-വിശ്വാസ സാക്ഷ്യവും അപ്പസ്തോലിക ജീവിതവും പുതിയ ദൈവവിളികൾ പരിപോഷിപ്പിക്കുവാൻ സഹായിക്കുമെന്ന് മാർപാപ്പ പ്രത്യാശ പ്രകടിപ്പിച്ചു.

ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നതിൽ പ്രഥമസ്ഥാനം കുടുംബത്തിനാണ്. ചൊട്ടയിലെ ശീലം ചുടലവരെയെന്നാണല്ലോ. നിശ്ചയമായും നിർണ്ണായകമായ സ്വഭാവരൂപീകരണവും വിശ്വാസതീഷ്ണതയും താൽപര്യങ്ങളും കുടുംബത്തിലാണ് ലഭിക്കുക. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഭക്തിയുടെയും ചൈതന്യം തുളുമ്പിനിൽക്കുന്ന കുടുംബങ്ങൾ പ്രാഥമിക സെമിനാരികളാണെന്നാണ്" രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്. ദൈവവിളിയെ പരിപോഷിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കേണ്ടത് സമൂഹം മുഴുവന്റെയും ഉത്തരവാദിത്വമാണ്. "ഉത്തമക്രൈസ്തവ ജീവിതത്തിലൂടെ ദൈവവിളിയെ വളർത്തുകയെന്നത് ക്രൈസ്തവ സമൂഹത്തിന്റെ മുഴുവൻ കടമയാണ്." (വൈദികപരിശീലനം നം.2) എന്ന കൗൺസിൽ പ്രബോധനം ഓരോ വിശ്വാസിയും ചിന്തിക്കേണ്ടതാണ്.

വെല്ലുവിളികൾ നിറഞ്ഞ ഒരു ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. സനാതന മൂല്യങ്ങളും മതതത്ത്വങ്ങളും അവഗണിക്കുന്ന ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളും ആഡംബര ജീവിതോപാധികളും പലപ്പോഴും ധാർമ്മിക മൂല്യങ്ങളെ അവഗണിക്കുകയാണ്. ദൈവത്തെയും മതത്തെയും നിരാകരിക്കുന്ന ഒരു ലോകത്തെ സൃഷ്ടിക്കാനും, അത്തരമൊരു ലോകത്തിൽ വളരുവാനും കുഞ്ഞുങ്ങളെയും യുവതി - യുവാക്കന്മാരെയും പ്രലോഭിപ്പിക്കുന്ന സംഘടിത ഗ്രൂപ്പുകൾ വളരെയുണ്ട്. ശാസ്ത്രത്തിന്റെ മനോഹാരിതയും അതിൽ നിന്നുള്ള പുരോഗതിയും ആകർഷകമായി അവതരിപ്പിച്ച് നമ്മുടെ ജീവിതത്തിന് ആധാരമായ ദൈവവിശ്വാസം അവർക്കെതിരാണ് എന്ന് ചിത്രീകരിച്ച് ആ വിശ്വാസത്തെ തകർക്കാനുള്ള ഗൂഢശ്രമത്തെ നാം തിരിച്ചറിയണം. ഇത്തരം സാഹചര്യങ്ങൾ മനസ്സിലാക്കി വിശ്വാസവർഷത്തിൽ ബോധപൂർവ്വം നമ്മൾ പ്രവർത്തിച്ചില്ലെങ്കിൽ ദൈവവിളിയെന്നല്ല, നമ്മുടെ ക്രിസ്തീയ ജീവിതവും നാമാവശേഷമാകും. ദൈവവിശ്വാസത്തെ തകർക്കുന്ന സെക്ടുകളേയും വിഘടിത പ്രസ്ഥാനങ്ങളേയും തിരിച്ചറിഞ്ഞ് അകറ്റി നിർത്താനും വിശ്വാസത്തിൽ ആഴപ്പെടുവാനും നാം ശ്രമിക്കുമ്പോൾ നമ്മുടെ മക്കളിൽ ദൈവവിളിയുടെ വിത്തുകൾ അങ്കുരിക്കുകയാണ്.

പുരോഹിത - സന്യാസ ജീവിതത്തിലേയ്ക്കുള്ള ദൈവവിളിയെപ്പറ്റി വിശ്വാസസമൂഹം ഒന്നടങ്കം താൽപര്യം കാണിക്കണം. നമ്മുടെ കർത്താവീശോമിശിഹായുടെ രണ്ടാമത്തെ ആഗമനം വരെ അവിടുന്നു സഭ നിലനിൽക്കേണ്ടതിന്, സഭയ്ക്ക് നേതൃത്വം നൽകാനും സ്വർഗ്ഗമാകുന്ന നിത്യഭവനത്തിലേക്കുള്ള യാത്രയെപ്പറ്റി അവളെ അനുസ്മരിപ്പിക്കുവാനും ഒരുക്കാനും, വൈദികരെയും അർപ്പണജീവിതം നയിക്കുന്നവരെയും സഭയ്ക്കാവശ്യമാണ്. അതിനാൽ ഭാവിയുടെ നാൽക്കവലകളിൽ നിൽക്കുന്ന യുവതി - യുവാക്കന്മാരെ, നിങ്ങളെക്കുറിച്ചുള്ള കർത്താവിന്റെ ഹിതം എന്തെന്നും അവിടുന്ന് നിങ്ങളെ ഏതുവഴിക്കാണ് വിളിക്കുന്നതെന്നും നിങ്ങൾ ഗൗരവമായി ചിന്തിക്കണമെന്നും ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

വിശ്വാസപ്രതിസന്ധിയും മൂല്യതകർച്ചയും വർദ്ധിച്ചുവരുന്ന ആധുനികലോകത്തിൽ മിശിഹായ്ക്കു സാക്ഷ്യം വഹിക്കാനുള്ള വിളി എന്നത് കേരളസഭയുടെയും ഭാരതസഭയുടെയും സാർവ്വത്രികസഭയുടെയും ആവശ്യമായി പരിഗണിച്ചുകൊണ്ട് അതിനായി രംഗത്തിറങ്ങുക എന്നത് ഒരു വെല്ലുവിളിയാണ്; ഊർജസ്വലതയും അർപ്പണമനോഭാവവും കൈമുതലായുള്ള യുവജനങ്ങൾ ത്യാഗപൂർവ്വം നേരിടേണ്ട വെല്ലുവിളി.

നമ്മുടെ കുട്ടികൾക്ക് ദൈവവിളിയിൽ പ്രോത്സാഹനവും ശരിയായ മാർഗ്ഗനിർദ്ദേശവും നൽകുന്ന കാര്യത്തിൽ ബഹു. വികാരിമാർക്കുള്ള സവിശേഷമായ ചുമതലയെക്കുറിച്ചും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. അതുപോലെ തന്നെ ദൈവവിളി പ്രോത്സാഹനത്തിൽ ബഹു. സിസ്റ്റേഴ്സും മാതാപിതാക്കളും അധ്യാപകരും നിർവ്വഹിക്കുന്നതും നിർവ്വഹിക്കേണ്ടതുമായ പങ്കിനെ ഞാനെടുത്തുപറയുന്നു. ദൈവവിളി ദിനം വിവിധ പരിപാടികളോടെ ഇടവകതലത്തിൽ ആഘോഷിക്കുമ്പോൾ അത് ദൈവവിളി പരിപോഷണത്തിന് ഇടയാകും.

സമർപ്പിത ദൈവവിളി സ്വീകരിച്ച് പരിശീലനം നടത്തുന്ന യുവതി യുവാക്കന്മാരെ ദൈവത്തിനു സമർപ്പിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ പരിശീലനത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകാനും നമുക്ക് കടമയുണ്ട്. അനുദിന ജീവിതചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സഭയുടെ വലിയ ദൗത്യമാണ് വൈദികവിദ്യാർത്ഥികളെ സ്പോൺസർ ചെയ്ത് സഹായിക്കുക എന്നത്. അതിരൂപത വിദ്യാർത്ഥി ഫണ്ടിൽ അംഗങ്ങളായ എല്ലാവരേയും ഞാൻ ഹൃദയപൂർവ്വം അനുസ്മരിക്കുന്നതോടൊപ്പം കൂടുതൽ ആളുകൾ ഈ പദ്ധതിയിൽ പങ്കുചേർന്ന് വൈദികപരിശീലനത്തിൽ സഹകരിക്കണമെന്ന് സ്നേഹ പൂർവ്വം ഓർമ്മിപ്പിക്കുന്നു. നമ്മുടെ മക്കൾക്ക് തങ്ങളുടെ ദൈവവിളികളെ വിവേചിച്ചറിയുന്നതിനും തിര ഞ്ഞെടുക്കുന്നതിനുമുള്ള സുവർണ്ണാവസരങ്ങളാണ് ദൈവവിളി ക്യാമ്പുകൾ. കോട്ടയത്ത് ആൺകുട്ടികളുടെ ദൈവവിളി ക്യാമ്പ് ഏപ്രിൽ 7-ാം തീയതി മുതൽ 9-ാം തീയതിവരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽവച്ചും പെൺകുട്ടികൾക്കായുള്ള ക്യാമ്പ് 9-ാം തീയതി മുതൽ 11-ാം തീയതിവരെ തൂവാനീസായിൽ വച്ചും നടത്തു ന്നുണ്ട്. മലബാറിൽ ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ 13-ാം തീയതി മുതൽ 15-ാം തീയതി വരെയും, പെൺകുട്ടികൾക്കായുള്ള ക്യാമ്പ് 16-ാം തീയതി മുതൽ 18-ാം തീയതിവരെ കണ്ണൂർ ബറു മറിയം പാസ്റ്ററൽ സെന്ററിൽവച്ചും നടത്തുന്നു.

അതിരൂപതയുടെ വെളിയിലോ, അതിരൂപതയിലോ ഉള്ള വൈദിക - സന്യാസ സമൂഹങ്ങളിൽ ചേരാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കന്മാർ അതിരൂപത തലത്തിൽ നടത്തുന്ന ദൈവവിളി ക്യാമ്പുകളിൽ നിർബ ന്ധമായും പങ്കെടുക്കണമെന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. അതിനാൽ എസ്.എസ്.എൽ.സി.യോ ഉപരി വിദ്യാ ഭ്യാസ യോഗ്യതയോ ഉള്ള താൽപര്യമുള്ളവരും സദ്സ്വഭാവികളുമായ യുവതീ - യുവാക്കളെ ക്യാമ്പി ലേയ്ക്ക് പറഞ്ഞയക്കാൻ മാതാപിതാക്കളും, ബഹു. വൈദികരും, സിസ്റ്റേഴ്സും ശ്രദ്ധിക്കണം. അതിരൂപത യുടെ വെളിയിൽ വൈദിക - സന്യാസ സമൂഹത്തിൽ ചേരാനാഗ്രഹിക്കുന്നവർ അതിരൂപത ദൈവവിളി കേന്ദ്രത്തിൽ നിന്നും പ്രത്യേകാനുവാദം വാങ്ങിയിരിക്കണം.

ഈ വിശ്വാസവർഷത്തിൽ നല്ല ദൈവവിളികൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അതി രൂപത ദൈവവിളി കമ്മീഷൻ നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും വ്യക്തികളും കുടുംബങ്ങളും ഇടവക സമൂഹവും നടത്തുന്ന എല്ലാ പ്രവർത്തനങ്ങളേയും ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കു കയും ചെയ്തുകൊണ്ട്

സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്താ

---

NB:

1. ഈ സർക്കുലർ 2013 മാർച്ച് 17-ാം തീയതി ഞായറാഴ്ച നമ്മുടെ ദേവാലയങ്ങളിൽ വി. കുർബ്ബാന മദ്ധ്യേ വായിച്ച റിയിക്കേണ്ടതാകുന്നു.
2. ദൈവവിളി ക്യാമ്പുകൾ ആദ്യദിനം വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മൂന്നാം ദിനം ഉച്ചകഴിഞ്ഞ് 12.30 ന് അവ സാനിക്കുന്നു. ക്യാമ്പ് ഫീസ് 250 രൂപയാണ്. പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് കൊണ്ടുവരണം.